# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ.633 — 02/11/2016-ൽ മറുപടിക്ക്

### ബി. എസ്. ഇ.എസുമായി ഉണ്ടാക്കിയ കരാറിന്റെ വിശദാംശം

| | ചോദ്യം<br>**ശ്രീ.എസ്.ശർമ്മ**<br>**,, വി. ജോയി**<br>**,, കെ. ബാബു**<br>**,, കാരാട്ട് റസാഖ്** | | ഉത്തരം<br>ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(വൈദ്യുതിയും ദേവസ്വവും വകുപ്പ മന്ത്രി) |
|---|---|---|---|
| (എ) | റിലയൻസിന്റെ ഉടമസ്ഥതയിലുള്ള ബി. എസ്. ഇ .എസു മായി മുൻ സർക്കാരിന്റെ കാലത്ത് ഉണ്ടാക്കിയ കരാറിന്റെ വിശദാംശം അറിയിക്കാമോ; ഇതിന്റെ ഭാഗമായി വൈദ്യുതി ബോർഡിനുണ്ടായ അധിക ബാധ്യത എത്രയെന്ന് കണക്കാക്കിയിട്ടുണ്ടോ; ഈ കരാറിന്റെ കാലാവധി എന്നു വരെയാണ്; | (എ) | ബി.എസ്.ഇ.എസ് കേരള പവർ ലിമിറ്റഡ് (BKPL) മായി കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് കരാർ ഉണ്ടാക്കിയിട്ടുള്ളത് 03.05.1999-ൽ ആണ്. 15 വർഷത്തെ വൈദ്യുതി വാങ്ങൽ കരാറിൽ ആണ് ഏർപ്പെട്ടിട്ടുള്ളത്. കരാർ പ്രകാരം, ഫിക്സഡ് ചാർജ്ജും നൽകണം. ഇത് വൈദ്യുതി വാങ്ങാത്തപ്പോഴും നൽകണം. ഉയർന്ന ഉല്പാദന ചിലവ് മൂലം നിലയത്തിൽ നിന്നുമുള്ള വൈദ്യുതി അപൂർവ്വമായി മാത്രമേ ഉപയോഗപ്പെടുത്തിയിരുന്നുള്ളൂ. 2014-15 കാലയളവിൽ ലാൻഡ് ലീസ് ചാർജ്ജ് ഉൾപ്പെടെ 71.19 കോടി രൂപ ഫിക്സഡ് ചാർജ്ജ് ആയി നൽകിയിട്ടുണ്ട്. ഇവരുമായുള്ള കരാർ 31.10.2015-ന് അവസാനിച്ചു. |
| (ബി) | അടിയന്തര ആവശ്യം നേരിടാനായി പവർ എക്സ്ചേഞ്ചിൽ നിന്നും വൈദ്യുതി വാങ്ങുമ്പോൾ | (ബി) | പവ്വർ എക്സ്ചേഞ്ചിൽ നിന്നും പരമാവധി 4.5 രൂപ വരെയുള്ള വിലയ്ക്ക് വൈദ്യുതി വാങ്ങാനാണ് |

| | | | |
|---|---|---|---|
| | നൽകേണ്ട വില ഏതു റേഞ്ചിലാണ്; | | ഇപ്പോൾ തീരുമാനിച്ചിരിക്കുന്നത്. ഇപ്പോൾ വാങ്ങുന്നത് ഏകദേശം 2.17 രൂപ മുതൽ 4.21 രൂപ വരെ വിലയ്ക്കുള്ള വൈദ്യുതിയാണ്. (ശരാശരി വില 3.51 രൂപ). |
| (സി | വൈദ്യുതി ക്ഷാമം സമ്പൂർണ്ണ വൈദ്യുതീകരണ പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കാനിടയുണ്ടോ; വിശദമാക്കുമോ? | (സി) | ഇല്ല. കേരളത്തിൽ ഇനിയും വൈദ്യുതി എത്തിയിട്ടില്ലാത്ത ഏകദേശം ഒരുലക്ഷത്തിൽപരം വീടുകൾക്ക് വൈദ്യുതി കണക്ഷൻ നൽകുക എന്ന കേരള ഗവൺമെന്റിന്റെ ബൃഹത് പദ്ധതിയ്ക്ക് പരമാവധി വേണ്ടി വരുന്ന വൈദ്യുതിയുടെ ആവശ്യം ഏകദേശം 50 മെഗാവാട്ട് മാത്രമാണ്. ഇത് യാതൊരു വിധത്തിലും കേരളത്തിൽ വൈദ്യുതി ക്ഷാമം ഉണ്ടാക്കുവാൻ സാധ്യതയില്ല. ഈ ഉപഭോക്താക്കൾ ഉയർന്ന ഉപഭോഗം ഉള്ളവർ അല്ല. |

സെക്ഷൻ ഓഫീസർ